**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1645** **19-09-2025 - ൽ മറുപടിയ്ക്ക്**

**ചവറ മിനി സിവിൽ സ്റ്റേഷനിൽ ഓഫീസ് അനുവദിയ്ക്കുന്നതുമായി ബന്ധപ്പെട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ചവറ നിയോജകമണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | കേരള കശുവണ്ടി ആശ്വാസ ക്ഷേമനിധി ബോർഡ് ഇൻസ്പെക്ടറുടെ കാര്യാലയം മാത്രമാണ് ചവറ നിയോജകമണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. |
| (ബി) | നിർമാണത്തിൽ ഇരിക്കുന്ന ചവറ മിനി സിവിൽ സ്റ്റേഷനിൽ ഓഫീസ് അനുവദിയ്ക്കുന്നതിന് എത്ര ഓഫീസുകൾ ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്; കുടുംബ കോടതിക്ക് ഓഫീസ് നൽകുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; | (ബി) | നിർമ്മാണം പൂർത്തിയായി വരുന്ന ചവറ മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം അനുവദിക്കുന്നതിനായി ചവറ ഭക്ഷ്യ സുരക്ഷാ സർക്കിൾ കാര്യാലയം, ചവറ കേരള കശുവണ്ടി ആശ്വാസ ക്ഷേമനിധി ബോർഡ് ഇൻസ്പെക്ടറുടെ കാര്യാലയം എന്നീ കാര്യാലയങ്ങൾ കൊല്ലം ജില്ലാ കളക്ടർക്ക് കരുനാഗപ്പള്ളി തഹസിൽദാർ മുഖേന അപേക്ഷ നൽകിയിട്ടുണ്ട്. മജിസ്ട്രേറ്റ് കോടതി,കുടുംബ കോടതി എന്നിവയ്ക്ക് വേണ്ടി 3 ഉം, 4 ഉം നിലകൾ താൽക്കാലികമായി അനുവദിക്കണമെന്നും, ടി വിവരം ഔദ്യോഗികമായി ജില്ലാ ജഡ്ജിയെ അറിയിക്കണമെന്നും ബഹു.ചവറ എം.എൽ.എ യുടെ 10/07/25 ലെ DC-KLM-47-10/2025 നമ്പർ പ്രകാരമുള്ള അപേക്ഷ കൊല്ലം ജില്ലാകളക്ടർക്ക് ലഭ്യമായിട്ടുണ്ട്. |
| (സി) | ആകെ എത്ര ചതുരശ്ര അടിയുള്ള കെട്ടിടമാണ് നിർമ്മിക്കുന്നത്; നിലവിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ പ്രകാരം എത്ര ചതുരശ്ര അടി ആവശ്യമുണ്ട്; | (സി) | ആകെ 12721.74 ചതുരശ്രഅടിയുള്ള കെട്ടിടമാണ് നിർമ്മിക്കുന്നത്. (മൂന്നാം നില -പ്ലിന്ത് ഏരിയ-6360.87 sqft, നാലാം നില -പ്ലിന്ത് ഏരിയ -6360.87 sqft)<br><br>നിലവിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ പ്രകാരം ആകെ ആവശ്യമുള്ള ഏരിയ 6331 ചതുരശ്ര അടിയാണ്. |
| (ഡി) | ടി അപേക്ഷകളിൽ തീരുമാനം എടുക്കാത്തതിനാൽ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | കോടതികൾക്കാവശ്യമായ സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് നിർദ്ദേശിച്ചാൽ മാത്രമേ ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള തുടർജോലികൾ ആരംഭിക്കാൻ കഴിയൂ എന്നും ടി തടസ്സംമൂലം കോൺട്രാക്ടർ നിർമ്മാണ പ്രവൃത്തികൾ നിർത്തിവച്ചിരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിന്മേൽ ജില്ലാകളക്ടർ അടിയന്തിര തുടർനടപടികൾ സ്വികരിച്ചുവരുകയാണ്. |

സെക്ഷൻ ഓഫീസർ